ശ്രീ. ടി. വി. തോമസ്സ് : തഹശീൽദാരന്മാരുടെ തീരുമാനങ്ങിനെതിരായ, കളക്ടറുടെയും കളക്ടറുടെ തീരുമാനത്തിനെതിരായി റവന്യൂബോർഡിലേയ്ക്കും, റവന്യൂബോർഡിലെ തീരുമാനത്തിനെതിരായി, ഗവണ്മെൻറിലേയ്ക്കും അപ്പീൽ കൊടുക്കുകയെന്നവച്ചാൽ അതു് അടക്കുകിക്കാരനു് സാധിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതു നിയമപ്രകാരമാണെന്നു മാത്രമേ പറയാനുള്ളു. അതിനു മാറ്റം വരുത്തുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

ട്രാൻസ്പോർട്ടബസ്സ് സർവ്വീസു നടുകയും.

* 199. [6] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ പുതുതായി എത്രെങ്കിലും നടുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ടബസ്സ് സർവ്വീസ് ആരംഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നടുകളിൽ ;

(സി) ഈ വർഷത്തിൽ ഏതെല്ലാം നടുകളിൽനിന്നും സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസുകൾ പിൻവലിക്കുകയുണ്ടായി ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) (1) തിരുവനന്തപുരം–കല്ലാർ എക്സ്പ്രസ്സ് സർവ്വീസ്.

(2) തിരുവനന്തപുരം–പുനലൂർ എക്സ്പ്രസ്സ് സർവ്വീസ്.

ശ്രീ. പി. വിശ്വംഭരൻ : കൂടുതൽ ട്രാൻസ്പോർട്ട് സർവ്വീസുകൾ കഴിഞ്ഞകൊല്ലം ആരംഭിക്കാതെയിരിക്കുവാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചില നടുകൾ തുടങ്ങുന്നതിനെ സംബന്ധിച്ചു് ഹൈക്കോടതിയിൽനിന്നും സ്റ്റേ ചെയ്തിരിക്കുകയാണു്. നടുകൾ നാഷണലൈസ് ചെയ്യാതെ പുതിയ നടുകൾ തുടങ്ങാൻ നിവൃത്തിയില്ല.

ശ്രീ. പി. വിശ്വംഭരൻ : നടുകൾ നാഷണലൈസ് ചെയ്യാൻ ഗവണ്മെൻറ് നടപടികൾ നടത്തുന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് നിയമപ്രാധാന്യം ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. വിശ്വംഭരൻ : ഏതൊ നടുകളിൻമേലുള്ള ലാഭനഷ്ടങ്ങൾ നോക്കിയാണോ സർവ്വീസ് നടത്തുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : അതും പരിഗണിക്കുന്നുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ : ഇപ്പോൾ പിൻവലിച്ചിരിക്കുന്ന സർവ്വീസുകൾ നഷ്ടത്തിലായതുകൊണ്ടാണോ പിൻവലിച്ചതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ: അതെ. നഷ്ടത്തിലാണ് നടത്തിയിരുന്നത്. അഞ്ചണ ആണ് തിരുവനന്തപുരത്തിനും കല്ലാറിലേയ്ക്ക് ചാർജ്ജ് നിശ്ചയിച്ചിരുന്നത്. ഏഴണ വരവും 14 അണ ചെലവും ആണ് ഉണ്ടായിരുന്നത്. അതുപോലെ തിരുവനന്തപുരം–പുനലൂർ സർവീസിനും നഷ്ടമാണുണ്ടായത്. അവിടെയും 9 അണ വരവും 14 ണ. 5 പൈ. ചെലവും ആണ് ഉണ്ടായിരുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഓരോ റൂട്ടുകളും പുതിയതായി തുടങ്ങുമ്പോൾ ലാഭനഷ്ടം കണക്കാക്കി നോക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതും ചില സമയം നോക്കാറുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ബസ്സുറൂട്ടുകൾ നാഷണലൈസ് ചെയ്യുന്നതിനെ സംബന്ധിച്ച് ഇവിടെ ഒരു മെംബർ ഒരു പ്രൈവറ്റ ബിൽ അവതരിപ്പിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുള്ള ഒരു പ്രൈവറ്റബില്ലുകൊണ്ടു് അല്ല നാഷനലൈസേഷൻ നടത്തുന്നതു്. ഗവണ്മെൻറതന്നെ അങ്ങിനെ ഒരു ബില്ലുകൊണ്ടുവരും.

ശ്രീ. ടി. വി. തോമസ്സ്: ബസ്സുറൂട്ടുകൾ നാഷണലൈസ് ചെയ്യുന്നതു് ലാഭത്തെ അടിസ്ഥാനമാക്കിയാണോ, ഏതെങ്കിലും തത്വത്തെ അടിസ്ഥാനമാക്കിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടും ഉണ്ടു്.

ഭവനനിർമ്മാണ പദ്ധതി.

* 200. [8] ശ്രീ. കുട്ടപ്പൻ നായിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിൻറെ ഭവനനിർമ്മാണ പദ്ധതിപ്രകാരം എത്ര ഭവനങ്ങൾ കെട്ടിയിട്ടുണ്ടു്; എവിടെയെല്ലാം;

(ബി) ഈ പദ്ധതി പൂർത്തിയാകുന്നതിനു് ഇനി എത്ര കാലം വേണ്ടി വരും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കന്യാകുമാരി, തേരൂർ, എനയം, വിഴിഞ്ഞം, തുമ്പ, കുളച്ചൽ, നാഗർകോവിൽ, കൊല്ലം, പുനലൂർ, കൃഷ്ണപുരം, ആലപ്പുഴ, പടിഞ്ഞാറെകല്ലട, പന്തളം, ഇരവിപേരൂർ, വൈവർകാല, കായംകുളം, കുമരകം, പള്ളം, വൈക്കം, കിടങ്ങൂർ, നേരിയമംഗലം, ഇരിങ്ങാലക്കുട, കാലടി, ആലുവാ, തേവര, ആനന്ദപുരം, അഴിക്കോടു്, ഇടവിലങ്ങു്, പറവൂർ, മട്ടാഞ്ചേരി, തുക്കാക്കര എന്നീ സ്ഥലങ്ങളിലായി 702 ഭവനങ്ങൾ ഈ പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുണ്ടു്.

(ബി) കൃത്യമായി പറയാൻ നിവൃത്തിയില്ല. കുറെക്കാലം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly